Since 1951

# Jubilee

Vol. 2, Issue No. 9 | JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE | AUGUST 2016

## പബ്ലിക്കേഷൻ ഇൻസെന്റീവ് വിതരണം ചെയ്തു

**ജൂ**ബിലിയിലെ ഡോക്ടർമാർ ശാസ്ത്ര പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനു പ്രോത്സാഹനമായി പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. ലഭിച്ച അപേക്ഷകളിൽ മിനിമം പോയിന്റ് ലഭിച്ചവർക്കെല്ലാം 2015-ലെ ഇൻസെന്റീവ് ആഗസ്റ്റ് 15 ന് ചേർന്ന കോളേജ് കൗൺസിൽ യോഗത്തിൽ ഡയറക്ടർ വിതരണം ചെയ്തു. ഡോ. സുപ്രിയ അടിയോടി (പൾമണറി മെഡിസിൻ) 9.5 പോയിന്റ് ലഭിച്ച് ഒന്നാമതായി. Dr. അണ്ണാമലൈ. പി. ടി. (ബയോകെമിസ്ട്രി) 7 പോയിന്റ്. Dr. C.V. ആൻഡ്രൂസ് 4½ പോയിന്റ് എന്നിങ്ങനെയാണ് ലഭിച്ചത്.

## ജൂബിലിയിൽ ജനിതക പരിശോധന

**ജൂ**ബിലി റിസർച്ച് ലാബിൽ ജനിതകപരിശോധന ആരംഭിച്ചു. കാരിയോടൈപ്പിംഗ് ആണ് ഇപ്പോൾ തുടങ്ങിയിരിക്കുന്നത്. മ്യൂട്ടേഷൻസ് അറിയുന്നതിനുള്ള പരിശോധനയും ചെയ്യുവാൻ സൗകര്യമുണ്ട്. ഈ പരിശോധനകൾക്കെല്ലാം രക്തം നൽകേണ്ടതും പണം അടയ്ക്കേണ്ടതും സെൻട്രൽ ലാബിലാണ്. രോഗികളുടെ വിവരങ്ങൾ നൽകുന്നതിനുള്ള ഫോം സെൻട്രൽ ലാബിൽ നിന്നുതന്നെ ലഭിക്കുന്നതാണ്. ആവശ്യമുള്ള രോഗികൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.



സ്റ്റുഡന്റ് നേഴ്സസ് അസോസിയേഷൻ നോർത്ത് ഈസ്റ്റ് സോൺ വിദ്യാഭ്യാസ കലാമത്സരത്തിൽ ചാമ്പ്യൻമാരായ ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് ടീം

## Independence day wishes

## യാത്രാ മംഗളങ്ങൾ

സ്നേഹശുശ്രൂഷയുടെ 10 വർഷങ്ങൾ.....

ഉപരിപഠനത്തിനായി അമേരിക്കയിലേക്ക് (10. 08. 2016)
യാത്രയാകുന്ന റവ. ഫാ. സുനിൽ ചിരിയങ്കണ്ടത്തിന്
ജൂബിലി കുടുംബത്തിന്റെ
പ്രാർത്ഥനകളും യാത്രാമംഗളങ്ങളും....



## Editor's Desk

സ്നേഹമുള്ളവരേ,

**ഒ**രിക്കൽക്കൂടി ഇന്ത്യയുടെ സ്വാതന്ത്ര്യം നാം ആഘോഷിച്ചു. ഏറെ സന്തോഷം നിറഞ്ഞ, അഭിമാനം നിറഞ്ഞ ഓർമ്മകളാണ് ഈ ആഘോഷങ്ങൾ നമുക്ക് സമ്മാനിക്കുക. രാജ്യത്തിനുവേണ്ടി ജീവൻ പോലും ബലിയർപ്പിക്കാൻ തയ്യാറായ മഹാത്മാക്കളുടെ സംഭാവനയാണ് നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം. ഒരു ആഘോഷത്തെക്കാളുപരി സ്വാതന്ത്ര്യദിനം നമ്മെ ഓർമ്മിപ്പിക്കേണ്ടത് ഒരു പൗരന്റെ ഉത്തരവാദിത്വങ്ങളാണ്. ഒരുപക്ഷെ, ജീവൻ കൊടുത്തുപോലും നിറവേറ്റേണ്ടവ. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചു എന്ന് പറയുന്നെങ്കിലും, കടന്നുപോകുന്ന ഓരോ ദിവസവും ഉത്തരവാദിത്വത്തോടെ ജീവിച്ച് നേടിയെടുക്കേണ്ട ഒന്നാണത്. എന്റെയും നിങ്ങളുടെയും ജീവിതത്തിൽ സാർത്ഥകമാക്കിയെടുക്കേണ്ട ഒന്ന്. ഈ മഹാരാജ്യത്തിലെ ഓരോ പൗരനും രാജ്യത്തിന്റെ പൊതുതാല്പര്യങ്ങളും നന്മയും തന്റെ സ്വന്തം കാര്യങ്ങളെക്കാൾ വലുതായും ഗൗരവമായും കാണാൻ കഴിയുമ്പോൾ മാത്രമേ, കുറഞ്ഞപക്ഷം അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുമ്പോൾ മാത്രമേ, സ്വാതന്ത്ര്യം ഒരനുഭവമായി മാറുകയുള്ളൂ. ഭാരതസംസ്കാരത്തിന്റെ മൂല്യ സംഹിതയുടെ  കാമ്പുകൊണ്ടു ജീവിക്കാനും, ആദർശങ്ങളുടെയും സംഹിതകളുടെയും ഉന്നതിയിൽ നിന്നും ഇറങ്ങി സ്വതന്ത്രജീവിതത്തിന്റെ അനുദിന സംവേദനം ഓരോ പൗരനും അനുഭവിക്കാനും കഴിയണമെങ്കിൽ കൂട്ടുത്തരവാദിത്വത്തോടെ  നാമെല്ലാവരും പ്രയത്നിക്കേണ്ടതുണ്ട്. ആർഷഭാരതത്തിലെ മഹാത്മാക്കളുടെ ജീവിതം നമുക്കതിന് വഴികാട്ടിയാവട്ടെ, പ്രചോദനമാകട്ടെ....

*ഏവർക്കും ഒരിക്കൽക്കുടി സ്വതന്ത്രഭാരതത്തിന്റെ മക്കളായി അർത്ഥവത്തായി*
*ജീവിക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.*

**ഫാ. സിജോ ചെറുവത്തൂർ**
എഡിറ്റർ

# കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം

**ജൂ**ബിലി മിഷൻ ആശുപത്രിയുടെ സാമൂഹിക പ്രതിബദ്ധതയുടെ മൂഖമാണ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം. ഡോ. കെ. രാജന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ വിഭാഗത്തിൽ 14 അംഗങ്ങളാണുള്ളത്.  വിവിധ പകർച്ചവ്യാധികൾ പൊട്ടിപുറപ്പെടുന്ന സമയങ്ങളിൽ പൊതുജന ബോധവത്ക്കരണം നടത്തുക, മഴക്കാലരോഗങ്ങൾ പടരുന്ന സമയത്ത് അവയ്ക്കെതിരെയുള്ള മുൻകരുതലുകളെകുറിച്ച്  ക്ലാസ്സുകൾ നടത്തുക, എല്ലാ അവധി ദിവസങ്ങളിലും ഉൾഗ്രാമങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുക,  പൊതുജനാരോഗ്യത്തെ സംബന്ധിച്ചുള്ള വിഷയങ്ങളിൽ ജേണൽ ക്ലബ്, സെമിനാർ, ന്യൂസ്  അപ്ഡേറ്റ്സ്, ക്ലിനിക്കോ- സോഷ്യൽ ചർച്ചകൾ എന്നിവ നടത്തുക, ക്ഷയരോഗ ചികിത്സയിൽ പ്രത്യേക പരിശീലനം നൽകുക, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ആരോഗ്യപരിശോധന, പൊതുജന ങ്ങൾക്ക് ജീവിതശൈലി രോഗങ്ങൾ, മറ്റാരോഗ്യ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്കരണ ക്ലാസുകൾ നടത്തുക, പൊതുജനാരോഗ്യ വിഷയങ്ങളിൽ ഗവേഷണം നടത്തുക, പ്രധാന ആരോഗ്യദിനങ്ങളുടെ ആചരണം എന്നിവയെല്ലാം, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ ചിലത് മാത്രമാണ്.

ജൂബിലി മിഷൻ ആശുപത്രിയുടെ നടത്തറയിലും മുളയത്തുമുള്ള പ്രൈമറി ഹെൽത്ത് സെന്റേഴ്സ്, ജ്യോതി എഞ്ചിനീയറിങ്ങ് കോളേജിൽ ചൊവ്വാഴ്ച്ചകൾ തോറുമുള്ള ക്ലിനിക്ക് എന്നിവ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. മെഡിക്കൽ വിദ്യാർത്ഥികൾക്കും ഹൗസ് സർജൻമാർക്കുമുള്ള ട്രെയിനിങ്ങ് ക്ലാസുകളും, CRRI യുടെ ഭാഗമായുള്ള രണ്ടുമാസത്തെ തീവ്രപരിശീലനവും കൊടുക്കുന്നു. ജൂബിലി മിഷൻ ആശുപത്രിയുടെ ഗ്രാമീണ ആരോഗ്യ സേവന മേഖലയിൽ മുഖ്യപങ്ക് വഹിക്കുന്ന വിഭാഗമാണ് കമ്മ്യൂണിറ്റി മെഡിസിൻ.



## Content writing competition

*All Jubileeans are invited !*

Pen in about Jubilee Mission Medical College and win cash prize. Winner's content will be added in our website's concerned page.

# മാംഗോ ഡിലൈറ്റ്


കലോറി – 250 kcal, പ്രോട്ടീൻ – 3 ഗ്രാം

**ചേരുവകൾ :** – പഴുത്ത മാങ്ങ : 1, മിൽക്ക് മെയ്ഡ് : 2 ടേബിൾ സ്പൂൺ, പഞ്ചസാര : 2–3 ടേബിൾ സ്പൂൺ, ബദാം : 4–5 എണ്ണം, ഈന്തപ്പഴം : 3–4 എണ്ണം

**തയ്യാറാക്കുന്ന വിധം:** – ➢ മാങ്ങ ചെറിയ കഷ്ണങ്ങളാക്കുക. ➢1 മുതൽ 4 വരെയുള്ള ചേരുവകൾ ചേർത്ത് മിക്സിയിൽ അടിച്ച് ജ്യൂസ് ആക്കുക.➢ഈന്തപ്പഴം ചെറിയ കഷ്ണങ്ങളാക്കി ജ്യൂസിലേക്ക് ചേർക്കുക. ➢അരമണിക്കൂർ ഫ്രീസറിൽ വെച്ച് സെറ്റായതിനുശേഷം ഉപയോഗിക്കാം.

**– Ms. Swathy N.G., Dietitian**

## അടിക്കുറിപ്പ് മത്സരം



..................................................................................

..................................................................................

..................................................................................

..................................................................................

പേര് .............................................................................

..................................................................................

## ആശംസകൾ

### മിസ്സിസ് പി. ഡി. മേരി



1982 –ൽ ജൂബിലി കുടുംബത്തിലേയ്ക്ക് കടന്നു വന്ന് ടെലഫോൺ വിഭാഗത്തിൽ ജോലി ആരംഭിച്ച പി.ഡി. മേരി പത്തോളജി, ലാബ്, വാർഡുകൾ, കൗണ്ടർ എന്നീ വിഭാഗങ്ങളിൽ സേവനമനുഷ്ഠിച്ച ശേഷം എം.ആർ.ഡി – ഒ.പി വിഭാഗത്തിൽനിന്നാണ് വിരമിച്ചത്. 34 വർഷത്തെ സ്തുത്യർഹമായ സേവനം ഏറ്റവും ഭംഗിയായി കാഴ്ചവച്ച ശ്രീമതി മേരിക്ക് എല്ലാവിധ ഭാവുകങ്ങളും ദൈവാനുഗ്രഹങ്ങളും നേരുന്നു.

## WELCOME TO JUBILEE FAMILY

| | |
|---|---|
| 1 DEOL BENTY | Administration |
| **AUXILARY NURSING** | |
| 2 JITHEESH JOHNY | 3 NAPHEL E A |
| 4 SIBI VARGHESE | 5 VINITHA SUBRAMANIAN |
| 6 SR EMILIA | Billing |
| 7 THOMAS C PAUL | General |
| 8 DR MATHEW JOHN | Jubilee Centre For Medical Research |
| **JUBILEE MISSION COLLEGE OF NURSING** | |
| 9 ANILA JAMES | 10 VINEETHA DAVIS |
| 11 DR SANGEETHA VINCENT | |
| THANDIAKKAL | Physiology |
| 12 SR KUSUMAM | Medical College |
| 13 DR ANU FRANCO | Neurosurgery |
| **NURSING** | |
| 14 ABHIRAMI DAVIS | 15 ANCHU ANTONY |
| 16 ANCY BABU | 17 ANJU V ANTONY |
| 18 ANSU JOSE | 19 ANUPRIYA M S |
| 20 ARYA K R | 21 BRIGHTYMOL A R |
| 22 DINIYA DAVID T | 23 DINU RAPHAEL M |
| 24 FEMI VINCENT | 25 FLEBY VARGHESE |
| 26 JAISA JOSE | 27 JASMINE JOSEPH |
| 28 JIBIN GEORGE MECKAMALIL | 29 JINU THOMAS |
| 30 JISHA MARIA JOSEPH | 31 LIJI WILSON |
| 32 LINCY V A | 33 MERIN GEORGE |
| 34 NAIGY JOSE | 35 NIMMY JOHNSON V |
| 36 PARVATHY P B | 37 RINU DAVIS |
| 38 ROSIYA BRIGITH JOSEPH | 39 SARANYA S |
| 40 SR AKHILA FRANCIS | 41 SR RINSA |
| 42 SREEDEVI C V | 43 TEENU OUSEPH |
| 44 VIJITHA VASANDHAN | 45 VISHNA M S |
| **JUBILEE MISSION SCHOOL OF NURSING** | |
| 46 DEEPA JOSE | 47 SR REGI AUGUSTINE |
| 48 VIMCY SUNNY | Operation Theatre |
| **PHARMACY** | |
| 49 AISWARYA N RAJAN | 50 AKHILA ELIAS |
| 51 AMRUTHA V B | 52 ANCY K JOHNSON |
| 53 DINI A D | 54 GEETHU K M |
| 55 GOPIKA SATHYAN K | 56 MERIN ISSAC |
| 57 MOLY K S | 58 RESHMA BABU |
| 59 RINCY P F | 60 RIYA T T |
| 61 ROSE MARIYA C F | 62 SIJI JOHNSON |
| 63 SRUTHY THOMAS V | 64 VINI VARGHESE V |
| 65 PAUL JOSE | Physiotherapy & Rehabilitation |
| 66 ABDUL RAHIMAN S | Psychiatry |

# ആയുർവ്വേദം കാലാതീതം – 7

നടന്നാലും ഓടിയാലും എല്ലുകൾ തേഞ്ഞു പോകുമോ? ഡിസ്ക് തള്ളി വരുമോ? അനേകം പേർ ഈ രോഗങ്ങൾ കൊണ്ട് ബുദ്ധിമുട്ടുന്നുണ്ട്. എല്ലുകൾ തേഞ്ഞു പോകുകയല്ല മറിച്ച് ദ്രവിച്ച് പോവുകയാണ് സംഭവിക്കുന്നത് എന്ന് അധികം പേർക്കും അറിയില്ല. എല്ല് തേയ്മാനത്തിനും ഡിസ്ക് തള്ളിവരുന്നതിനും അനവധി കാരണങ്ങൾ ഉണ്ട്. അതിന്റെ പ്രധാനപ്പെട്ട കാരണങ്ങളും ചികിത്സയുമാണ്, ഈ ലക്കത്തിൽ വിശകല നം ചെയ്യുന്നത്.

ഒരു വീട്ടിൽ അഞ്ച് അംഗങ്ങൾ ഉണ്ടെ ങ്കിൽ അതിൽ ഒരാൾക്കു മാത്രം എല്ല് തേയ്മാനം ഉണ്ടെങ്കിൽ, അതിന്റെ കാരണം ഭക്ഷണത്തിൽ കാൽസ്യവും മിനറൽസും കുറഞ്ഞതുകൊണ്ട് മാത്രമാവില്ല; മറിച്ച് കഴിക്കുന്ന ഭക്ഷണത്തിൽ നിന്ന് എല്ലിന്റെ പോഷണത്തിന് ആവശ്യമായ വസ്തുക്കൾ ആ വ്യക്തിക്ക് ആഗിരണം ചെയ്യാൻ സാധിക്കുന്നില്ല എന്നു തന്നെയാണ്. എല്ല് തേയ്മാന ത്തിന്റേയും ഡിസ്ക് രോഗങ്ങളുടേയും പ്രധാനപ്പെട്ട കാരണം ദഹനപ്രക്രിയയിലുള്ള തകരാറാണ്. ദഹന പ്രക്രിയ ശരിയായ രീതിയിൽ നടക്കാൻ ആയുർവ്വേദത്തിൽ വിവിധ തരത്തി ലുള്ള മരുന്നുകൾ ഉള്ളിലേയ്ക്ക് കഴിക്കാ നായിട്ടുണ്ട്. മറ്റൊരു പ്രധാന ചികിത്സയാണ് വസ്തി ചികിത്സ. വിവിധ തരത്തിലുള്ള മരുന്നുകൾ - തേൻ, നെയ്യ് എന്നിവ ഒരു ലിറ്ററോളം, എനിമ ചെയ്യുന്നപോലെ ചെയ്യുക. ഇപ്രകാരം ചെയ്യു മ്പോൾ ഉദരം ശുദ്ധിയാവുകയും അതിനുശേഷം അസ്ഥികൾക്ക് ശരിയായ പോഷണം ലഭിക്കുക യും ചെയ്യും. ഡിസ്ക് സംബന്ധമായ രോഗങ്ങളി ലും മുട്ടിലെ എല്ല് തേയ്മാനത്തിലും ചെയ്യുന്ന മറ്റൊരു ചികിത്സയാണ് ഒരു മണിക്കൂറോളം സമയം വിവിധ തരത്തിലുള്ള തൈലങ്ങൾ ചെറുചൂടോടുകൂടി കെട്ടിനിർത്തുന്നത്. കിഴികളും ചൂടോടുകൂടി ചെയ്യുന്ന തൈല ധാരയും അസ്ഥിസംബന്ധമായ രോഗങ്ങളിൽ വേദനകളെ ശമിപ്പിക്കുന്നതാണ്.

എല്ല് തേയ്മാനത്തിന്റെ നീരുള്ള അവസ്ഥ കളിൽ ഒരിക്കലും തൈലങ്ങൾ പുരട്ടാൻ പാടുള്ളതല്ല. ഈ അവസ്ഥകളിൽ നീര് കുറയ്ക്കുന്ന തരത്തിലുള്ള മരുന്നുകൾ കൊണ്ടുള്ള ലേപനങ്ങളാണ് നല്ലത്. പലപ്പോഴും അസിഡിറ്റിയും അൾസറും എല്ലു തേയ്മാനത്തിന് പ്രധാന കാരണങ്ങളാകാറുണ്ട്. ഇത്തരം അവസ്ഥകളിൽ രോഗത്തിനാവശ്യമായ മരുന്നു കൾ ഇട്ട് കാച്ചിയ നെയ്യുകൾ ഉള്ളിലേക്ക് കഴിക്കുന്നത് എല്ല് തേയ്മാനം കുറയ്ക്കുന്ന തായി കണ്ടിട്ടുണ്ട്. മാനസിക സംഘർഷങ്ങൾ എല്ലുകളുടെ ആരോഗ്യത്തേയും പ്രതികൂല മായി ബാധിക്കുന്നതാണ്.

"എന്റെ പാപം നിമിത്തം എന്റെ അസ്ഥികളിൽ ആരോഗ്യമില്ല." (സങ്കീ 38/3), ഈ വചന ഭാഗം മനസ്സും എല്ലുകളും തമ്മിലുള്ള ബന്ധ ത്തെ കാണിക്കുന്നു. ആയുർവ്വേദ പ്രകാരം, വാർദ്ധക്യം എല്ല് സംബന്ധമായ രോഗങ്ങൾക്ക് പ്രാമുഖ്യം ഉള്ള കാലഘട്ടമാണ്. ഈ സമയത്ത് വിവിധ തരം തൈലങ്ങൾ അകത്തേയ്ക്ക് കഴിക്കുന്നതും വേദനയുള്ള ഭാഗങ്ങളിൽ പുരട്ടുന്നതും രോഗിയ്ക്ക് ആശ്വാസം നൽകു ന്നതാണ്.

**ഡോ. അനുമോദ് കാക്കശ്ശേരി** (MD Ayurveda)
സീനിയർ കൺസൾട്ടന്റ്, ജൂബിലി ആയുർവ്വേദ

# കുട്ടികളിലെ ഓട്ടിസം സാധ്യത തിരിച്ചറിയുവാനുള്ള 20 ചോദ്യങ്ങൾ

ഓട്ടിസം എന്ന അസുഖം ഇപ്പോൾ സർവ്വസാധാരണമായി കേട്ടുവരുന്ന ഒന്നാണ്. നിങ്ങളുടെ കുട്ടിക്ക് ഓട്ടിസം ഉണ്ടോ എന്ന് തിരിച്ചറിയാനുള്ള ചോദ്യാവലിയാണ് താഴെ കൊടുത്തിരിക്കുന്നത്. 16 മാസമോ അതിനുമുകളിലോ ഉള്ള കുട്ടികൾക്കാണ് ഈ ചോദ്യാവലി ഉപകാരപ്പെടുക. നിങ്ങളുടെ കുട്ടിയുടെ പതിവായ പെരുമാറ്റം ശ്രദ്ധിച്ചതിനുശേഷം മാത്രം ചോദ്യാവലി പൂരിപ്പിക്കുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.

1. നിങ്ങൾ ഒരു വസ്തുവിന് നേരെ കൈ ചൂണ്ടുമ്പോൾ കുട്ടി ആ വസ്തുവിനെ നോക്കാറുണ്ടോ? (ശരി, തെറ്റ്)
2. നിങ്ങളുടെ കുട്ടിക്ക് കേൾവി ശക്തി തകരാറുള്ളതായി തോന്നിയിട്ടുണ്ടോ ? (ശരി, തെറ്റ്)
3. ഇല്ലാത്ത വസ്തുക്കൾ ഉള്ളതായി നടിച്ച് അത് ഉപയോഗിച്ച് കളിക്കാറുണ്ടോ ? (ഉദാ : ശൂന്യമായ കപ്പിൽ നിന്ന് വെള്ളം കുടിക്കുന്നതായോ, പാവക്കുട്ടിക്ക് ഭക്ഷണം കൊടുക്കുന്നതായി അഭിനയിച്ച് കളിക്കുക.) (ശരി, തെറ്റ്)
4. കുട്ടികൾ അവരുടെ കണ്ണുകൾക്ക് അടുത്ത് കൈവിരൽ കൊണ്ട് അസാധാരണമായ ചേഷ്ടികൾ കാണിക്കാറുണ്ടോ ? (ശരി, തെറ്റ്)
5. നിങ്ങളുടെ കുട്ടി മേശ, കസേര മുതലായവയുടെ മുകളിൽ പിടിച്ച് കയറാറുണ്ടോ ? (ശരി, തെറ്റ്)
6. കുട്ടിക്ക് വേണ്ട സാധനങ്ങൾ വിരൽ ചൂണ്ടി കാണിച്ച് ആവശ്യപ്പെടാറുണ്ടോ ? (ശരി, തെറ്റ്)
7. നിങ്ങളുടെ കുട്ടിയ്ക്ക് ഇഷ്ടപ്പെട്ട/ കൗതുകം തോന്നിയ കാര്യങ്ങൾ നിങ്ങളെ കൈചൂണ്ടി കാണിക്കാറുണ്ടോ ? (ഉദാ- ആകാശത്തെ വിമാനം, നക്ഷത്രം) (ശരി, തെറ്റ്)
8. കുട്ടിയ്ക്ക് മറ്റുള്ള കുട്ടികളുമായി ഇടപഴകാൻ താൽപര്യമുണ്ടോ? (ശരി, തെറ്റ്)
9. കുട്ടി നിങ്ങളെ കാണിക്കാൻ വേണ്ടി മാത്രം എന്തെങ്കിലും സാധനം നിങ്ങളുടെ അടുത്തേക്ക് എടുത്തുകൊണ്ട് വരാറുണ്ടോ? (ശരി, തെറ്റ്)
10. കുട്ടിയുടെ പേര് വിളിക്കുമ്പോൾ അതിനോട് കുട്ടി പ്രതികരിക്കാറുണ്ടോ? (ശരി, തെറ്റ്)
11. കുട്ടിയെ നോക്കി ചിരിക്കുമ്പോൾ കുട്ടി തിരിച്ച് ചിരിക്കാറുണ്ടോ? (ശരി, തെറ്റ്)
12. കുട്ടി എന്തെങ്കിലും ശബ്ദം കേൾക്കുമ്പോൾ തുടർച്ചയായി കരയുകയോ അസ്വസ്ഥത കാണിക്കുകയോ ചെയ്യാറുണ്ടോ?
    (ഉദാ- ഉച്ചത്തിലുള്ള പാട്ട്, യന്ത്രങ്ങളുടെ ശബ്ദം) (ശരി, തെറ്റ്)
13. കുട്ടി നടക്കുവാൻ മടി കാണിക്കാറുണ്ടോ? (ശരി, തെറ്റ്)
14. നിങ്ങൾ കുട്ടിയോട് സംസാരിക്കുമ്പോഴും കളിക്കുമ്പോഴും ഡ്രസ്സ് മാറ്റിക്കുമ്പോഴോ കുട്ടി നിങ്ങളുടെ കണ്ണുകളിൽ നോക്കാറുണ്ടോ? (ശരി, തെറ്റ്)
15. കുട്ടി നിങ്ങളെ അനുകരിക്കാൻ ശ്രമിക്കാറുണ്ടോ? (ശരി, തെറ്റ്)
16. നിങ്ങൾ എന്തെങ്കിലും സാധനം നോക്കുന്നതിനായി തല തിരിക്കുമ്പോൾ കുട്ടിയും അത് എന്താണ് എന്ന് നോക്കാൻ ചുറ്റും നോക്കാറുണ്ടോ? (ശരി, തെറ്റ്)
17. നിങ്ങളുടെ ശ്രദ്ധ കിട്ടുവാൻവേണ്ടി കുട്ടി എന്തെങ്കിലും ചെയ്യാറുണ്ടോ? (ശരി, തെറ്റ്)
18. ആംഗ്യം കാണിക്കാതെ നിങ്ങൾ കുട്ടിയോട് എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെടുകയാണെങ്കിൽ കുട്ടിക്ക് അത് മനസ്സിലാക്കാൻ സാധിക്കുമോ ? (ശരി, തെറ്റ്)
19. നിങ്ങൾ ഓരോ സംഭവങ്ങളോട് എങ്ങനെ പ്രതികരിക്കുന്നു എന്ന് കാണാൻ കുട്ടി നിങ്ങളുടെ മുഖത്ത് നോക്കാറുണ്ടോ ? (ശരി, തെറ്റ്)
20. (ഉദാ : പുതിയ ശബ്ദം കേൾക്കുമ്പോൾ, പുതിയ കളിപ്പാട്ടം കാണുമ്പോൾ നിങ്ങളുടെ മുഖത്ത് കുട്ടി നോക്കാറുണ്ടോ ?) (ശരി, തെറ്റ്)
21. നിങ്ങളുടെ കുട്ടി, കാലിൽ ഇരുത്തി ആട്ടി കളിക്കുക, മുകളിലേയ്ക്ക് പൊക്കി കളിപ്പിക്കുക അങ്ങനെയുള്ള കളികൾ ഇഷ്ടപ്പെടുന്നുണ്ടോ? (ശരി, തെറ്റ്)

ചോദ്യങ്ങൾക്ക് എല്ലാം തന്നെ ഉത്തരം കണ്ടെത്തിയല്ലോ. ഇനി എങ്ങനെ നിങ്ങളുടെ കുട്ടിക്ക് ഓട്ടിസം ഉണ്ടോ എന്ന് തിരിച്ചറിയാം എന്ന് നോക്കാം ;

2, 4, 12 എന്നീ ചോദ്യങ്ങൾക്ക് ശരി എന്നും, മറ്റു ചോദ്യങ്ങൾക്ക് തെറ്റ് എന്നുമാണ് ഉത്തരമെങ്കിൽ കുട്ടിയ്ക്ക് ഓട്ടിസത്തിന് സാധ്യതയുണ്ട്.

ഈ ചോദ്യാവലി കൊണ്ട് മാത്രം ഓട്ടിസം ഉണ്ട് എന്നു നമുക്ക് പറയാൻ സാധിക്കില്ല. ഇത് ഓട്ടിസം സാധ്യത തിരിച്ചറിയാനുള്ള ഒന്ന് മാത്രമാണ്.

– **ദീപ ടോം**, Nursing Tutor, JMSON

**Editorial Board** : Fr. Sijo Cheruvathoor | Fr. Tijo Joy | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Devassy | Mr. Vinu | Mr. Noble | Mr. Anto Twinkle | Ms. Suma Paul
Ms. Deepa Tom | Ms. Ricy P. J. | Ms. Raki K. V. | Ms. Jilta | Ms. Nicy Antony | Ms. Chippy | Ms. Greeshma